"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. തങ്കമണി. ബി, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ജെ.പി.എച്ച്.എൻ ട്രെയിനിങ് സ്കൂൾ, കാസറഗോഡ് - പ്രത്യേക അവശതാ അവധി - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1740/2026/H&FWD തീയതി, തിരുവനന്തപുരം, 20-05-2026

---

പരാമർശം:-

1. ശ്രീമതി. തങ്കമണി. ബി സമർപ്പിച്ച 01.12.2025 തീയതിയിലെ അവധി അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25.04.2026 തീയതിയിലെ ഡിഎച്ച്എസ്/8909/2026-ഇഎഫ്3 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജെ.പി.എച്ച്.എൻ ട്രെയിനിങ് സ്കൂളിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീമതി. തങ്കമണി. ബി, 12.10.2025-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ കാൽ വഴുതി വീണ് കാലിന്റെ അസ്ഥിക്ക് പൊട്ടലുണ്ടായതിനെത്തുടർന്ന് ജോലിയിൽനിന്ന് വിട്ടുനിന്ന 12.10.2025 മുതൽ 30.11.2025 വരെ 50 ദിവസത്തേക്ക് പ്രത്യേക അവശതാ അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച സൂചന (1) അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി. തങ്കമണി. ബി അവധി കഴിഞ്ഞ് 01.12.2025 തീയതിയിൽ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസറഗോഡ് ജെ.പി.എച്ച്.എൻ ട്രെയിനിങ് സ്കൂളിലെ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ശ്രീമതി. തങ്കമണി. ബി-യ്ക്ക്, ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലുണ്ടായ അപകടത്തെത്തുടർന്ന് ടിയാൾ ജോലിയിൽനിന്ന് വിട്ടുനിന്ന 12.10.2025 മുതൽ 30.11.2025 വരെ 50 ദിവസത്തേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാ അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, കാസറഗോഡ്.

ശ്രീമതി. തങ്കമണി. ബി, ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-II, ജെ.പി.എച്ച്.എൻ ട്രെയിനിങ് സ്കൂൾ, കാസറഗോഡ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (F2/112/2026-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 20-05-2026 15:14:45

സെക്ഷൻ ഓഫീസർ